നം: ഇ.എക്സ്.എ1/2013/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം- 695 012
തീയതി: 30/08/2013

# സർക്കുലർ

വിഷയം: പത്താംതരം തുല്യതാ പരീക്ഷ - സെപ്റ്റംബർ 2013 - സബ് സെന്ററുകളിൽ പരീക്ഷാ നടത്തുന്നതു സംബന്ധിച്ച്.

സൂചന:

2013 വർഷത്തെ പത്താംതരം തുല്യതാപരീക്ഷ സെപ്റ്റംബർ 4-ാം തീയതി ആരംഭിച്ച് 10-ാം തീയതി അവസാനിക്കുകയാണ്. പരീക്ഷാർത്ഥികൾ എണ്ണത്തിൽ കൂടുതലുള്ള ചില പരീക്ഷാസെന്ററുകൾക്ക് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സബ് സെന്റർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സബ് സെന്ററുകളിലെ ചോദ്യപേപ്പർവിതരണം, പരീക്ഷാനടത്തിപ്പ്, ഉത്തരക്കടലാസ്സ് മൂല്യനിർണ്ണയത്തിന യയ്ക്കൽ തുടങ്ങിയവ ചെയ്യേണ്ടത് ചുവടെ ചേർക്കുന്ന രീതിയിലായിരിക്കണം.

1) 20-ന്റെ ഗുണിതങ്ങളായ എണ്ണം റഗുലർ പരീക്ഷാർത്ഥികളെയാണ് സബ് സെന്ററുകളിൽ അയയ്ക്കേണ്ടത്. പ്രസ്തുത പരീക്ഷാർത്ഥികൾ എല്ലാ പരീക്ഷയും അതേ സബ് സെന്ററിൽ തന്നെ എഴുതേണ്ടതാണ്.
2) **പ്രൈവറ്റ് വിഭാഗം പരീക്ഷാർത്ഥികളെ മെയിൻ സെന്ററുകളിൽ മാത്രമേ ഇരുത്താവൂ.**
3) സബ് സെന്ററുകളിലേക്കാവശ്യമായ ചോദ്യപേപ്പർ പായ്ക്കറ്റുകൾ ബന്ധപ്പെട്ട മെയിൻ സെന്ററുകളിൽ നിന്ന് സബ് സെന്ററുകളിലെ അഡീഷണൽ ഡപ്യൂട്ടി ചീഫ് സൂപ്രണ്ട്മാർ അതാത് പരീക്ഷാ ദിവസങ്ങളിൽ രാവിലെ തന്നെ വാങ്ങേണ്ടതാണ്.
4) ഉത്തരക്കടലാസ് മെയിൻ സെന്ററുകളിൽ നിന്നാണ് ബന്ധപ്പെട്ട കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിലേയ്ക്കയയ്ക്കേണ്ടത്. അതുകൊണ്ട് പരീക്ഷയ്ക്ക് ശേഷം വൈകുന്നേരം സബ് സെന്ററുകളിലെ അഡീഷണൽ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്മാർ ഉത്തരക്കടലാസ്സുകൾ ബന്ധപ്പെട്ട മെയിൻ സെന്ററുകളിലെ ചീഫ് സൂപ്രണ്ടിനെ ഏല്പിക്കേണ്ടതാണ്. രാവിലത്തെ സെഷനിലെ ഉത്തരക്കടലാസ്സുകൾ പരീക്ഷ തീർന്ന ഉടൻ തന്നെ പായ്ക്ക് ചെയ്ത് സീൽ

അലമാരകളിൽ അന്നേ ദിവസം

വച്ച് അതാതു സബ് സെന്ററിലെ

വൈകുന്നേരം വരെ സൂക്ഷിക്കേണ്ടതാണ്.

ചോദ്യപേപ്പർ

5) മെയിൻ സെന്ററിൽ നിന്നും അതത് ദിവസം

ശേഖരിക്കുന്നതിനും, ഉത്തരക്കടലാസുകൾ അന്നുതന്നെ തിരിച്ചേൽപിക്കു

ന്നതിനും, സബ് സെന്ററിലെ അഡീഷണൽ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാർക്ക്

ഓട്ടോ ചാർജ്ജ്, റെമ്യൂണറേഷനോടൊപ്പം മെയിൻ സെന്ററിൽ നിന്നും

ക്ലെയിം ചെയ്യാവുന്നതാണ്.

6) പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് ഈ ഓഫീസിലെ ഇതേ നമ്പരിലെ

21-08-2013- തീയതിയിലെ സർക്കുലറിലെ നിർദ്ദേശങ്ങൾ സബ്

സെന്ററുകളിലും കർശനമായി പാലിക്കേണ്ടതാണ്.

7) അഡീഷണൽ ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവരുടെ പ്രതിഫലം

പരീക്ഷയുടെ അവസാന ദിവസം ബന്ധപ്പെട്ട മെയിൻ സെന്ററിലെ ചീഫ്

സൂപ്രണ്ട്മാർ നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

30/8/13

സെക്രട്ടറി

എല്ലാ മെയിൻ സെന്ററിലെ ചീഫ് സൂപ്രണ്ടുമാർക്കും

എല്ലാ സബ്സെന്ററിലെ അഡീഷണൽ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാർക്കും

(ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)

ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.